# STD - VIII

## അദ്ധ്യാപക സഹായി

## പാഠം – ഒമ്പത്  കേരള ലത്തീൻസഭയും  ഭാഗം – ഒന്ന്

## വിദ്യാഭ്യാസ സാംസ്കാരിക നവോത്ഥാനവും

### ലക്ഷ്യം

അവിദ്യയുടെ അന്ധകാരത്തിൽ കഴിഞ്ഞിരുന്ന സാധാരണക്കാരെ അക്ഷരത്തിന്റെ അഞ്ജനമെഴുതി അകക്കണ്ണു തെളിക്കാൻ സഹായിച്ചവരാണ് ലത്തീൻ മിഷണറിമാർ. കേരളത്തിൽ ആധുനിക വിദ്യാഭ്യാസ സമ്പ്രദായത്തിന് വിത്തുപാകിയത് ലത്തീൻ സഭയാണ്. പള്ളിയോടൊപ്പം പള്ളിക്കൂടം സ്ഥാപിക്കണമെന്ന ചരിത്രപരമായ ഇടയലേഖനം പുറപ്പെടുവിച്ച് ബെർണഡിൻ ബെച്ചിനെല്ലി പിതാവിന്റെ പൈതൃകം പേറുന്നവരാണ് ലത്തീൻസഭാംഗങ്ങളായ നാം. സഭയുടെ വിദ്യാഭ്യാസ പ്രവർത്തനങ്ങളിൽ പങ്കുചേർന്നു കൊണ്ട് സഭാസ്ഥാപനങ്ങൾ ഉപയോഗിച്ചു വളരാൻ ഞാൻ ശ്രമിക്കും.

### പഠനസഹായികൾ

* ആർച്ച്ബിഷപ്പ് ബെർണഡിൻ ബച്ചിനെല്ലിയുടെ ചിത്രം
* ബച്ചിനെല്ലി മെത്രാപ്പോലീത്ത – ഫാ. പീറ്റർ കൊച്ചുവീട്ടിൽ – ലേഖനം www.jeevanadam.com (2024 സെപ്റ്റംബർ 05 ലക്കം)
* വൈപ്പിക്കോട്ട സെമിനാരി – കളർചിത്രം
* സമ്പാളൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ദേവാലയം – ചാലക്കുടി – ചിത്രം

### പാഠത്തിന്റെ ഉള്ളടക്കം

* അവർണരായ മനുഷ്യർക്ക് വിദ്യാഭ്യാസം നിഷേധിക്കപ്പെട്ടിരുന്ന ഒരു കാലഘട്ടത്തിൽ കേരളത്തിലേക്കു കടന്നുവന്ന മിഷനറിമാരാണ് ഇവിടെ സാർവത്രിക വിദ്യാഭ്യാസ രീതി ആരംഭിച്ചത്.
* പള്ളിയോടൊപ്പം പള്ളിക്കൂടം സ്ഥാപിക്കണമെന്ന കല്പന പുറപ്പെടുവിച്ചത് ആർച്ച്ബിഷപ് ബെർണഡിൻ ബച്ചിനെല്ലിയാണ് എന്ന പരമാർത്ഥം, പള്ളിക്കൂടങ്ങൾക്ക് ആരംഭംകുറിച്ചു.
* പ്രാഥമിക വിദ്യാഭ്യാസത്തോടൊപ്പം പാശ്ചാത്യരീതിയിലുള്ള ആധുനിക വിദ്യാഭ്യാസവും ലത്തീൻ മിഷനറിമാർ തുടക്കും കുറിച്ചു.
* പോർച്ചുഗീസുകാർ ഏഷ്യയിലെ ആദ്യ യൂറോപ്യൻ സ്കൂൾ 1511–ൽ കൊച്ചിയിൽ സ്ഥാപിച്ചു.

* 1541ൽ വിൻസെന്റ് ലാഗോസ് എന്ന ഫ്രാൻസിസ്കൻ സന്ന്യാസി കൊടുങ്ങല്ലൂരിൽ സെന്റ് ജെയിംസ് കോളേജ് തുടങ്ങി.
* 1552-ൽ ഈശോസഭാ മിഷണറിമാർ കൊച്ചിയിൽ സെന്റ് പോൾസ് കോളേജ് സ്ഥാപിച്ചു.
* 1557-ൽ പള്ളിപ്പുറത്ത് വൈപ്പിക്കോട്ടയിൽ ഈശോസഭക്കാർ വിദ്യാപീഠം സ്ഥാപിച്ചു. ലത്തീൻ, സുറിയാനി ഭാഷകൾ പഠിപ്പിച്ചു.
* ഇന്നത്തെ കോട്ടപ്പുറം രൂപതയിലെ - സാമ്പാളൂർ സെന്റ് ഫ്രാൻസിസ് സേവ്യർ ദേവാലയത്തിൽ 1662-ൽ ലത്തീൻ മിഷനറിമാർ വിദ്യാപീഠം ആരംഭിച്ചു.
* ലത്തീൻ മിഷനറിമാർ ആരംഭിച്ച വിദ്യാലയങ്ങളിലൂടെ അക്കാലത്തെ പലരും പഠിച്ച് ഉന്നത വിദ്യാഭ്യാസത്തിനായി വിദേശ സർവകലാശകളിൽ (പോർച്ചുഗൽ, റോം എന്നിവിടങ്ങളിൽ) പോയിരുന്നു
* കൊച്ചിയിലെയും കോഴിക്കോടിലേയും രാജകുടുംബാംഗങ്ങളും ഇങ്ങനെ ഉന്നതപഠനം നടത്തിയിരുന്നു.

## പ്രാർത്ഥന

സ്നേഹപിതാവായ ദൈവമേ, അറിവില്ലാത്തവർക്ക് ജ്ഞാനം പകർന്നുകൊടുക്കുവാനും അതുവഴി നല്ല സമൂഹത്തെ രൂപപ്പെടുത്താനും ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

1. ബെർണദിൻ ബച്ചിനെല്ലി പുറത്തിറക്കിയ ചരിത്രപ്രസിദ്ധമായ കല്പന ഏത് പേരിലാണ് അറിയപ്പെടുന്നത്.
2. കേരളത്തിൽ ആധുനിക സാർവത്രിക വിദ്യാഭ്യാസത്തിന് വിത്തുപാകിയത് ആര്?
3. ഏഷ്യയിലെ ആദ്യത്തെ യൂറോപ്യൻ സ്കൂൾ സ്ഥാപിതമായത് എവിടെയാണ്? ഏത് പേരിലാണ് അത് അറിയപ്പെട്ടിരുന്നത്?
4. കേരളത്തിൽ പാശ്ചാത്യവിദ്യാഭ്യാസരീതിക്ക് പശ്ചാത്തലമൊരുങ്ങിയ സാഹചര്യം എന്തായിരുന്നു?
5. സമ്പാളൂരിൽ ലത്തീൻ മിഷനറിമാർ ആരംഭിച്ച വിദ്യാപീഠം ഏത് പേരിലാണ് ജെസ്യൂട്ട് രേഖകളിൽ വിശേഷിപ്പിക്കപ്പെടുന്നത്.

# STD - VIII

## അദ്ധ്യാപക സഹായി

## പാഠം - ഒമ്പത് കേരള ലത്തീൻസഭയും ഭാഗം - രണ്ട്

## വിദ്യാഭ്യാസ സാംസ്കാരിക നവോത്ഥാനവും

### ലക്ഷ്യം

കേരളത്തിലെ ഉന്നത വിദ്യാഭ്യാസത്തിന്റെയും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെയും ചവിട്ടുപടികളായി വിശേഷിപ്പിക്കപ്പെടുന്നത് ലത്തീൻ മിഷനറിമാരും സന്ന്യാസിസഭാവിഭാഗങ്ങളും ആരംഭിച്ച വിദ്യാഭ്യാസകേന്ദ്രങ്ങളാണ്. കർമ്മലീത്ത മിഷനറിമാർ 1955-ൽ സ്ഥാപിച്ച കാർമ്മൽഗിരി സെമിനാരിയിൽ നിന്നും പരിശീലനം പൂർത്തിയാക്കിയ വൈദികർ ഇന്ത്യയുടെ വിവിധഭാഗങ്ങളിലും വിദേശത്തും സേവനം ചെയ്യുന്നു.

മലയാളത്തിൽ നവീനഗദ്യശൈലിക്ക് തുടക്കം കുറിച്ചതും, ആദ്യമായി അച്ചടിശാല സ്ഥാപിച്ചതും അച്ചടിഗ്രന്ഥം പുറത്തിറക്കിയതും ലത്തീൻ മിഷണറിമാരാണ്. വിദ്യാഭ്യാസത്തെ എന്നും പ്രേഷിത പ്രവർത്തനമായി കണ്ട ലത്തീൻസഭ മിഷണറിമാരെപ്പോലെ, സഭയുടെ സ്ഥാപനങ്ങളിൽ നിന്നും നേടുന്ന അറിവ് സഭയുടെയും, സഹോദരങ്ങളുടെയും നന്മയ്ക്കായി ഞാൻ പങ്കുവയ്ക്കുകയും, സഭാസ്ഥാപനങ്ങളുടെ സംരക്ഷണത്തിനും വളർച്ചയ്ക്കുമായി പ്രവർത്തിക്കുകയും ചെയ്യും.

### പഠനസഹായികൾ

* കാർമ്മൽഗിരി സെമിനാരിയുടെ ചിത്രം
* സി.എസ്.എസ്.ടി. സഭാ സ്ഥാപിക മദർ തെരേസ ഓഫ് സെന്റ് റോസ് ഓഫ് ലിമയുടെ ചിത്രം.
* സി.ടി.സി. സഭാ സ്ഥാപക - ധന്യ മദർ ഏലീശ്വ - ചിത്രം
* സെന്റ് തെരേസാസ് കോളേജ് - ശതാബ്ദി വാർത്ത - ചിത്രം
* അർണോസ് പാതിരിയുടെ പുത്തൻപാന പുസ്തകത്തിന്റെ ചിത്രം
* ഫാ. ലൂയീസ് വൈപ്പിശേരിയുടെ ചിത്രം
* ടി.എം. ചുമ്മാർ, പോഞ്ഞിക്കര റാഫി, സെബീന റാഫി - ചിത്രങ്ങൾ
* ചവിട്ടുനാടകം - യൂ-ട്യൂബ് വീഡിയോ ക്ലിപ്പിംഗ്
* മലയാളഭാഷ - അക്ഷരങ്ങൾ ആദ്യമായി ഹോർത്തൂസ് മലബാറിക്കൂസ് - ഗ്രന്ഥം - ചിത്രം.

### പാഠത്തിന്റെ ഉള്ളടക്കം

* ആലുവയിലെ കാർമ്മൽഗിരി സെമിനാരി കർമ്മലീത്താ മിഷനറിമാർ സ്ഥാപിച്ചതാണ്. 1997-ൽ മംഗലപ്പുഴ സെമിനാരി സീറോ മലബാർ സഭയ്ക്ക് വിട്ടുകൊടുത്തുകൊണ്ട് ലത്തീൻസഭ കാർമ്മൽഗിരി സെമിനാരി ഏറ്റെടുത്തു.

* 1886-ൽ ആർച്ച്ബിഷപ് മെല്ലാനോ കൊച്ചിയിൽ സാന്താക്രൂസ് ഇംഗ്ലീഷ് വിദ്യാലയം സ്ഥാപിച്ചു.
* സി.എസ്.എസ്.ടി. സഭ സ്ഥാപിച്ചത് മദർ തെരേസ ഓഫ് സെന്റ് റോസ് ഓഫി ലിമ ആണ്. അവർ സ്ഥാപിച്ച എറണാകുളത്തെ സെന്റ് തെരേസാസ് കോളേജ് ആണ് കൊച്ചി രാജ്യത്തെ ആദ്യത്തെ വനിതാ കോളേജ്.
* ഭാരതത്തിലെ പ്രഥമ തദ്ദേശീയ സഭയാണ് സി.ടി.സി. ധന്യ മദർ ഏലീശ്വ ആണ് സഭയുടെ സ്ഥാപക. പെൺകുട്ടികളുടെ വിദ്യാഭ്യാസത്തിനായിരുന്നു കൂടുതൽ മുൻഗണന.
* വരാപ്പുഴ വികാരിയാത്തിന്റെ സാരഥ്യം വഹിച്ചിരുന്ന ഓസ്ട്രിയക്കാരനായ പൗളിനോസ് പാതിരി മലയാളം പഠിച്ച് സുന്ദരമായ കാവ്യങ്ങൾ രചിച്ച മിഷനറിയാണ്.
* ദുഃഖവെള്ളിയാഴ്ചകളിൽ നാം പതിവായി ആലപിക്കുന്ന പുത്തൻപാന രചിച്ചത് മിഷനറിയായിരുന്ന അർണോസ് പാതിരിയാണ്.
* കത്തോലിക്കാ കുടുംബങ്ങളിൽ വായിച്ചിരുന്ന വണക്കമാസ പുസ്തകങ്ങൾ പലതും രചിച്ചത് മർസെലീനോസ് ബരാർദി മെത്രാനാണ്.
* ലത്തീൻ സമുദായ സംസ്കാരത്തെക്കുറിച്ച് ഫാ. ആന്റണി പാദുവ മലയാളത്തിലെ നാട്ടുക്രിസ്ത്യാനികളായ ലത്തീൻ മാപ്പിളമാർ എന്ന ഗ്രന്ഥം രചിച്ചു.
* ലത്തീൻ കത്തോലിക്ക സമുദായത്തിന്റെ തനതുകലയാണ് ചവിട്ടുനാടകം
* കേരളത്തിലെ ആദ്യത്തെ പ്രസ് - കൊല്ലം തങ്കശേരിയിലെ സാൽവദോർ സെമിനാരി ആണ് - തമ്പിരാൻ വണക്കം എന്ന ഗ്രന്ഥമാണ് അച്ചടിച്ചത്.
* മലയാള ഭാഷ അക്ഷരങ്ങൾ ആദ്യമായി അച്ചടിച്ചത് 1768-ൽ ഹോളണ്ടിലെ ആംസ്റ്റർഡാമിൽ അച്ചടിച്ച ഹോർത്തൂസ് മലബാറിക്കൂസ് എന്ന ഗ്രന്ഥത്തിലാണ്.

## പ്രാർത്ഥന

കാരുണ്യവാനായ ദൈവമേ, സമൂഹത്തിന്റെ വളർച്ചയിൽ മിഷനറിമാരിലൂടെ പകർന്നു നൽകിയ വിജ്ഞാനവും ദർശനവും ഈ കാലഘട്ടത്തിൽ സഭയുടെ സ്ഥാപനങ്ങളിലൂടെ പുതുതലമുറയ്ക്ക് പകർന്നുകൊടുക്കാനുള്ള നല്ലമനസ്സ് നൽകി ഞങ്ങളെ അനുഗ്രഹിക്കണമേ.

## ചോദ്യങ്ങൾ

* കൊച്ചി രാജ്യത്തെ ആദ്യത്തെ വനിതാ കോളേജ് ഏതാണ്? ആരാണ് ഇത് സ്ഥാപിച്ചത്?
* ഭാരതത്തിലെ പ്രഥമ തദ്ദേശീയ സന്യാസസഭ ഏതാണ്? ആരാണ് ഇത് സ്ഥാപിച്ചത്?

* കേരളത്തിലെ സമ്പന്നമായ കാവ്യശാഖക്ക് ക്രൈസ്തവമിഷനറിമാർ നൽകിയ സംഭാവനകൾ - കുറിപ്പെഴുതുക.

4. കേരളത്തിലെ അച്ചടിയുടെ വളർച്ചയിൽ ലത്തീൻസഭയുടെ പങ്ക് വിവരിക്കുക.
5. കേരളത്തിൽ ലത്തീൻസഭയുടെ കീഴിൽ പ്രവർത്തിക്കുന്ന ഉന്നതവിദ്യാഭ്യാസ കേന്ദ്രങ്ങൾ ഏതൊക്കെയാണെന്ന് കണ്ടെത്തി എഴുതുക.